
വാല്യം 3

# ലിറ്റിൽ കൈറ്റ്സ് ന്യൂസ്


ലക്കം 2

2020 ഒക്ടോബർ 31 | ഗാന്ധിജയന്തി പതിപ്പ് | തുലാം 15

# കുത്താട്ടുകുളം ഹയർ സെക്കന്ററി സ്കൂളിൽ വിപുലമായ ഗാന്ധിജയന്തി ആഘോഷം




കൂത്താട്ടുകുളം: നമ്മുടെ രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ 151 -ാം ജന്മദിനം ലിറ്റിൽ കൈറ്റ്സ് ഐ. ടി. ക്ലബ്ബും സ്കൂൾ സാമൂഹ്യശാസ്ത്രക്ലബ്ബും സംയുക്തമായി കൂത്താട്ടുകുളം ഹയർ സെക്കന്ററി സ്കൂളിൽ ഓൺലൈനിൽ ആഘോഷിച്ചു. 'എന്നെ സ്വാധീനിച്ച ഗാന്ധിജി' എന്നവിഷയത്തിൽ പ്രസംഗമത്സരവും , ഗാന്ധിജിയെക്കുറിച്ച് മലയാളത്തിൽ രചിക്കപ്പെട്ട കവിതകളുടെ ആലാപനമത്സരവും നടത്തി. മൂന്നു മിനിട്ട് ദൈർഘ്യമുള്ള വീഡിയോകൾ തയ്യാറാക്കി അയച്ചാണ് കുട്ടികൾ മത്സരത്തിൽ പങ്കെടുത്തത്. ഗാന്ധിജിയുടെ ജീവിതസന്ദർഭങ്ങളെ അടിസ്ഥാനമാക്കി ചിത്രരചനാമത്സരവും കവിതാരചനാമത്സരവും നടന്നു. 'ഗാന്ധിജിയുടെ വിദ്യാഭ്യാസ ദർശനം' എന്നവിഷയത്തിൽ ഉപന്യാസമത്സരവും സംഘടിപ്പിച്ചു. ഗാന്ധിജയന്തി ദിനമായ ഒക്ടോബർ 2 ന് മഹാത്മാ ക്വിസ് ഓൺലൈനായി നടത്തി. 'ഗാന്ധിജി ജീവിതവും സന്ദേശവും' എന്നതായിരുന്നു ക്വിസിന്റെ വിഷയം.



ഹയർ സെക്കന്ററി സ്കൂൾ, കൂത്താട്ടുകുളം

ഗാന്ധിജയന്തി ദിനാഘോഷം 2020

മത്സരവിജയികൾ

**ഉപന്യാസരചന**

പ്ലസ് ടു
- ഒന്നാം സ്ഥാനം - അമൃത സുരേന്ദ്രൻ (+2 C)
- രണ്ടാം സ്ഥാനം - അപർണ സന്തോഷ് (+2 S)
- മൂന്നാം സ്ഥാനം - നന്ദു സന്തോഷ് (+2 C)

പത്ത്
- ഒന്നാം സ്ഥാനം - അപർണ സാബു (10 B)
- രണ്ടാം സ്ഥാനം - അശ്വതി ഓമൻ (10 B)
- മൂന്നാം സ്ഥാനം - നേഹ ജെയിംസൺ (10 B)

ഒമ്പത്
- ഒന്നാം സ്ഥാനം - അതുല്യ ഹരി (9 B)
- രണ്ടാം സ്ഥാനം - ആഷ്ന മരിയ ഷാജി (9 A)
- മൂന്നാം സ്ഥാനം - എമിലിൻ അന്ന ജിബി (9 B)

എട്ട്
- ഒന്നാം സ്ഥാനം - ദേവപ്രിയ എ. ആർ. (8 B)

യു. പി. വിഭാഗം
- ഒന്നാം സ്ഥാനം - ആര്യൻ ജി. (5)
- രണ്ടാം സ്ഥാനം - അദ്വൈത് ആർ. നായർ (5)

**കവിതാരചന**

പ്ലസ് ടു
- ഒന്നാം സ്ഥാനം - അഭിജ്ഞ സന്തോഷ് (+2 S)

പത്താം ക്ലാസ്സ്
- ഒന്നാം സ്ഥാനം - നേഹ ജെയിംസൺ (10 B)
- രണ്ടാം സ്ഥാനം - അശ്വതി ഓമൻ (10 B)

ഒമ്പത്
- ഒന്നാം സ്ഥാനം - പാർവ്വതി ബി. നായർ (9 B)
- രണ്ടാം സ്ഥാനം - അർച്ചന ബൈജു (9 B)

എട്ട്
- ഒന്നാം സ്ഥാനം - അഭിരാമി സുരേഷ് (8 C)
- രണ്ടാം സ്ഥാനം - എസ്. കൃഷ്ണപ്രിയ (8 B)

**ചിത്രരചന**

പ്ലസ് ടു
- ഒന്നാം സ്ഥാനം - അജിത് ജയകുമാർ (+2 C)
- രണ്ടാം സ്ഥാനം - നന്ദന സുനിൽ (+2 S)

പത്ത്
- ഒന്നാം സ്ഥാനം - ഗൗരികൃഷ്ണ വി. (10 B)
- രണ്ടാം സ്ഥാനം - ഐറിൻ ബെന്നി (10 B)
- മൂന്നാം സ്ഥാനം - ആൻസലൻ മനോജ് (10 A)
- ആതിര എസ്. (10 B)

ക്ലാസ്സ് ഒമ്പത്
- ഒന്നാം സ്ഥാനം - ജയജിത് ടി. ജയൻ (9 B)
- രണ്ടാം സ്ഥാനം - അർച്ചന ബൈജു (9 B)
- മൂന്നാം സ്ഥാനം - അതുല്യ ഹരി (9 B)

ക്ലാസ്സ് എട്ട്
- ഒന്നാം സ്ഥാനം - നിരഞ്ജന ടി. സുരേഷ് (8 B)
- രണ്ടാം സ്ഥാനം - ഷെൽവിൻ ബാബു (8 B)
- മൂന്നാം സ്ഥാനം - അനിജ എം. (8 B)

യു. പി. വിഭാഗം
- ഒന്നാം സ്ഥാനം - നിരഞ്ജന ആർ. നായർ (5)
- രണ്ടാം സ്ഥാനം - അദ്വൈത് ആർ. നായർ (5)

**കവിതാലാപനം**

ഒമ്പത്
- ഒന്നാം സ്ഥാനം - പാർവ്വതി ബി. നായർ (9 B)
- രണ്ടാം സ്ഥാനം - അശ്വതി കെ. നായർ (9 B)

എട്ട്
- ഒന്നാം സ്ഥാനം - ദേവപ്രിയ എ. ആർ. (8 B)

യു. പി. വിഭാഗം
- ഒന്നാം സ്ഥാനം - ആര്യൻ ജി. (5)
- രണ്ടാം സ്ഥാനം - നിരഞ്ജന ആർ. നായർ (5)

**പ്രസംഗമത്സരം**

ഒമ്പത്
- ഒന്നാം സ്ഥാനം - എലിസബത്ത് അന്ന ബെന്നി (9 B)
- രണ്ടാം സ്ഥാനം - പാർവ്വതി ബി. നായർ (9 B)
- അശ്വതി കെ. നായർ (9 B)

എട്ട്
- ഒന്നാം സ്ഥാനം - ആതിര രാജേഷ് (8 B)
- രണ്ടാം സ്ഥാനം - ദേവപ്രിയ കെ. (8 B)
- മൂന്നാം സ്ഥാനം - അന്ന രാജേഷ് (8 C)

യു. പി. വിഭാഗം
- ഒന്നാം സ്ഥാനം - അദ്വൈത് ആർ. നായർ (5)



ഹയർ സെക്കന്ററി സ്കൂൾ, കൂത്താട്ടുകുളം

ഗാന്ധിജയന്തി ദിനാഘോഷം 2020

മത്സരവിജയികൾ

ക്ലാസ്സ് 5
- ഒന്നാം സ്ഥാനം - ആര്യൻ ജി. (സ്കോർ: 42/50)
- രണ്ടാം സ്ഥാനം - രോഹിത് നിഷാദ് (സ്കോർ: 40/50)
- മൂന്നാം സ്ഥാനം - അദ്വൈത് ആർ. നായർ (സ്കോർ: 38/50)

ക്ലാസ്സ് 6
- ഒന്നാം സ്ഥാനം - അന്ന സണ്ണി (സ്കോർ: 36/50)
- രണ്ടാം സ്ഥാനം - അഖിലേഷ് ഗണേഷ്കുമാർ (സ്കോർ: 24/50)
- മൂന്നാം സ്ഥാനം - അഞ്ജന സാജു (സ്കോർ: 24/50)

ക്ലാസ്സ് 7
- ഒന്നാം സ്ഥാനം - അഭിജിത്ത് അജയൻ (സ്കോർ: 32/50)
- രണ്ടാം സ്ഥാനം - വിവേക് സുരേഷ് (സ്കോർ: 32/50)
- മൂന്നാം സ്ഥാനം - സാന്ദ്ര സി. രാജേഷ് (സ്കോർ: 22/50)

ക്ലാസ്സ് 8
- ഒന്നാം സ്ഥാനം - അനിജ എം. (സ്കോർ: 46/50)
- രണ്ടാം സ്ഥാനം - എസ്. കൃഷ്ണപ്രിയ (സ്കോർ: 46/50)
- മൂന്നാം സ്ഥാനം - അഭിനവ് ഷിനോജ് (സ്കോർ: 46/50)

ക്ലാസ്സ് 9
- ഒന്നാം സ്ഥാനം - ആഷ്ന മരിയ ഷാജി (സ്കോർ: 48/50)
- രണ്ടാം സ്ഥാനം - പാർവ്വതി ബി. നായർ (സ്കോർ: 48/50)
- മൂന്നാം സ്ഥാനം - മനിജ എം. (സ്കോർ: 46/50)

പത്താം ക്ലാസ്സ്
- ഒന്നാം സ്ഥാനം - ഗൗരികൃഷ്ണ വി. (സ്കോർ: 50/50)
- രണ്ടാം സ്ഥാനം - ആതിര എസ് (സ്കോർ: 46/50)
- മൂന്നാം സ്ഥാനം - അപർണ സാബു (സ്കോർ: 46/50)

പന്ത്രണ്ടാം ക്ലാസ്സ്
- ഒന്നാം സ്ഥാനം - അപർണ സന്തോഷ് (സ്കോർ: 42/50)
- രണ്ടാം സ്ഥാനം - വിഷ്ണു നമ്പൂതിരി തോട്ടം (സ്കോർ: 40/50)
- മൂന്നാം സ്ഥാനം - ധ്രുവ് കെ. ആർ. (സ്കോർ: 40/50)

**"എന്റെ ശരീരത്തെ നിങ്ങൾക്ക് തടവിലാക്കാം മനസ്സിനെ ചങ്ങലയ്ക്കിടാനാവില്ല" - ഗാന്ധിജി**

# ലിറ്റിൽ കൈറ്റ്സ് വിക്കിഗ്രന്ഥശാലയിൽ ധ്രുവചരിതം ശീതങ്കൻതുള്ളൽ ചേർത്തു


കുത്താട്ടുകുളം ഹയർ സെക്കന്ററി സ്കൂൾ 2019-21 ലിറ്റിൽ കൈറ്റ്സ് ബാച്ചിലെ പതിനാല് അംഗങ്ങൾ ചേർന്ന് വിക്കിഗ്രന്ഥശാലയിൽ ധ്രുവചരിതം ശീതങ്കൻതുള്ളൽ ചേർത്തു. ഗൂഗിൾ ഹാന്റ്റൈറ്റിംഗ് ഉപയോഗിച്ച് സ്മാർട്ട് ഫോണിൽ കുട്ടികൾ വീട്ടിലിരുന്നുതന്നെ പേജുകൾ എഴുതിതയ്യാറാക്കി. വയനാട് ജില്ലയിൽ കൈറ്റ് മാസ്റ്റർ ട്രെയ്നറായി സേവനമനുഷ്ഠിക്കുന്ന ശ്രീജിത് കൊയിലോത്ത് ആണ് വിക്കിഗ്രന്ഥശാലിൽ പുസ്തകം എഴുതിച്ചേർക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം നൽകിയത്.



*ബാച്ച് ലീഡർ ലിബിയ ബിജു വിക്കിഗ്രന്ഥശാലയിൽ*

ബാച്ചിന്റെ ലീഡർ ലിബിയ ബിജു പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു. അംഗങ്ങൾ എഴുതി തയ്യാറാക്കിയ കാവ്യഭാഗങ്ങൾ പരിശേധിച്ച് അക്ഷരത്തെറ്റുകൾ ഡെപ്യൂട്ടി ലീഡർ സോനു സൂസൻ എബി തിരുത്തി. കൈറ്റ് മാസ്റ്റർ ഒരു തെറ്റുതിരുത്തൽ വായന കൂടി നടത്തിയിട്ടാണ് ടെക്സ്റ്റ് വിക്കി ഗ്രന്ഥശാലയിൽ ചേർത്തത്. അമൃത പ്രസാദ്, അപർണ സാബു, ആർദ്ര സോമൻ, അശ്വനി രാജൻ, അതിര എസ്., ആതിര സുഭാഷ്, ഗൗരികൃഷ്ണ വി., കീർത്തന എസ്., കൃഷ്ണപ്രിയ ബിജു, നനന്ദന അനിൽ, നേഹ ജയ്മോൻ, സ്നേഹ എൽസ ഡേവിഡ് എന്നിവർ ധ്രുവചരിതം ഡിജിറ്റൈസേഷനിൽ പങ്കാളികളായി. 1928 (കൊ.വ. 1103) ൽ എസ്. റ്റി. റെഡ്യാർ ആന്റ് സൺസ് പ്രസിദ്ധീകരിച്ച 'കലക്കത്തു കുഞ്ചൻനമ്പ്യാരുടെ ൫൯-തുള്ളൽക്കഥകൾ' എന്ന ഗ്രന്ഥത്തിൽ നിന്നുള്ള ധ്രുവചരിതം ശീതങ്കൻതുള്ളലാണ് ഡിജിറ്റെസ് ചെയ്തത്. 92 വർഷം മുമ്പിലത്തെ അച്ചടിയും പഴയഅക്ഷരലിപികളും ഡിജിറ്റൈസേഷനിൽ പങ്കെടുത്ത കുട്ടികൾക്ക് വേറിട്ട അനുഭവമായിരുന്നു.

## ലിറ്റിൽ കൈറ്റ്സ് 2019-22 ബാച്ചിന്റെ രക്ഷാകർത്തൃയോഗം



കുത്താട്ടുകുളം ഹയർ സെക്കന്ററി സ്കൂൾ ലിറ്റിൽ കൈറ്റ്സ് ഐ. ടി. ക്ലബ്ബ് 2019-22 ബാച്ചിലെ അംഗങ്ങളുടെയും രക്ഷിതാക്കളുടെയും ഒരുയോഗം ഗൂഗിൽ മീറ്റിൽ ഒക്ടോബർ 16 വെള്ളിയാഴ്ച രാത്രി 9.30 ന് നടന്നു. കൊറോണ പശ്ചാത്തലത്തിൽ ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനങ്ങൾ മുമ്പോട്ടു കൊണ്ടുപോകുന്ന കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനാണ് യോഗം ചേർന്നത്. കൈറ്റ് വിക്ടേഴ്സ് ചാനൽ വഴി സംപ്രേഷണം ചെയ്യുന്ന ക്ലാസ്സുകളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് രക്ഷിതാക്കളുടെ സഹകരണം തേടുക എന്നതും യോഗലക്ഷ്യമായിരുന്നു. 2020-21 വർഷത്തിൽ നടന്ന ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് പ്രവർത്തനങ്ങൾ ലീഡർ പാർവ്വതി ബി. നായർ യോഗത്തിൽ അവതരിപ്പിച്ചു. രക്ഷിതാക്കളുടെ പ്രതീക്ഷകളും ആശങ്കകളും പങ്കുവച്ച് കെ. പി. സജികുമാർ, ബീന ജോസഫ് എന്നിവർ സംസാരിച്ചു. ഈ വർഷം നടത്തുന്ന പ്രവർത്തനങ്ങൾ കൈറ്റ് മാസ്റ്റർ വിശദീകരിച്ചു. യോഗത്തിൽ ഹെഡ്മിസ്ട്രസ് എം. ഗീതാദേവിയും പങ്കെടുത്തു.

# 'സ്കൂൾ ദുരന്തനിവാരണ ആസൂത്രണ രേഖ' ഡിജിറ്റൈസേഷൻ

സംസ്ഥാന ദുരന്തനിവാരണ അതോറിട്ടിയുടെ നിർദ്ദേശപ്രകാരം കുത്താട്ടുകുളം ഹയർ സെക്കന്ററി സ്കൂളിൽ സ്കൂൾ ദുരന്തനിവാരണ സമിതി തയ്യാറാക്കിയ 'സ്കൂൾ ദുരന്തനിവാരണ ആസൂത്രണ രേഖ' ലിറ്റിൽ കൈറ്റ്സ് ഐ. ടി. ക്ലബ്ബ് അംഗങ്ങൾ ഡിജിറ്റൈസ് ചെയ്തു. മലയാളത്തിൽ ടൈപ്പുചെയ്ത് തയ്യാറാക്കിയ ആസൂത്രണ രേഖ പാർവ്വതി ബി. നായർ, അതുല്യ ഹരി, അനാമിക കെ. എസ്., എന്നിവർ ചേർന്ന് ലേഔട്ട് ചെയ്തു. എയ്ഞ്ചൽ അന്ന ബേബിയും വൈഷ്ണവി എസ്.ഉം ചേർന്ന് ഇൻക് സ്കേപ്പ് വെക്ടർ ഗ്രാഫിക്സ് എഡിറ്ററിൽ കവർചിത്രം തയ്യാറാക്കി. സ്കൂളുമായി ബന്ധപ്പെട്ട സ്ഥിതിവിവരക്കണക്കുകൾ ഉൾപ്പെടുന്ന നിരവധി പട്ടികകളും ഈ രേഖയിൽ ഉണ്ട്. ദുരന്തനിവാരണം സംബന്ധിച്ച് അദ്ധ്യാപകർ പേപ്പറിൽ വരച്ച തയ്യാറാക്കിയ രേഖാചിത്രങ്ങൾ മൊബൈൽ ഫോൺ ഉപയോഗിച്ച് സ്കാൻ ചെയ്ത് ജിമ്പ് ഇമേജ് എഡിറ്റിംഗ് സോഫ്റ്റ്വെയർ ഉപയോഗിച്ച് എഡിറ്റുചെയ്ത് ഇമേജുകളാക്കി എക്സ്പോർട്ട് ചെയ്തെടുത്തു. ലിബർ ഓഫീസ് റൈറ്ററിലെ ഹെഡർ, ഫൂട്ടർ, പേജ് നമ്പർ, പേജ് ഫോർമാറ്റിംഗ്, പേജ് ബ്രേക്ക്, സ്റ്റൈൽ, ടേബിൾ ഉൾപ്പെടുത്തൽ, ടേബിൾ ഫോർമാറ്റിങ്, ചിത്രം ചേർക്കൽ, റാപ്പ്, ഫയൽ എക്സ്പോർട്ട് ചെയ്ത് പി.ഡി.എഫ്. രൂപത്തിലാക്കൽ എന്നിങ്ങനെ നിരവധി സങ്കേതങ്ങൾ ഈ പ്ലാൻ തയ്യാറാക്കിയപ്പോൾ കുട്ടികൾ പ്രയോജനപ്പെടുത്തി. ഐക്യരാഷ്ട്രസഭയുടെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചുള്ള ദുരന്തനിവാരണ ആസൂത്രണ രേഖ തയ്യാറാക്കുന്നതിന് സ്കൂൾ ദുരന്തനിവാരണ സമിതി കൺവീനർ പ്രകാശ് ജോർജ് കുര്യൻ നേതൃത്വം നൽകി.






**"സമാധാനത്തിലേക്ക് ഒരു പാതയില്ല. സമാധാനമാണ് പാത." - ഗാന്ധിജി**

## സാമൂഹ്യശാസ്ത്രക്ലബ്ബ് 'വാർത്തവായന മത്സരം'

കുത്താട്ടുകുളം ഹയർ സെക്കന്ററി സ്കൂൾ സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ എട്ട്, ഒമ്പത് ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കായി ഓൺലൈൻ വാർത്ത വായന മത്സരം സംഘടിപ്പിച്ചു. മത്സരാർത്ഥികൾ വാർത്തകൾ എഴുതിതയ്യാറാക്കി വായിച്ച് വീഡിയോ എടുത്ത് അയച്ചു. അതുല്യ ഹരി (9ബി), എയ്ഞ്ചൽ അന്ന ബേബി (9 ബി), പാർവ്വതി ബി. നായർ (9 ബി) എന്നിവർ ഒമ്പതാം ക്ലാസ്സിലും ദേവപ്രിയ കെ (8 ബി), ആതിര രാജേഷ് (8 ബി), മാനവ് യു. എസ്. (8 ബി) എന്നിവർ എട്ടാം ക്ലാസ്സിലും യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി.



## നവരാത്രി ആഘോഷം ഓൺലൈനിൽ നടത്തി ലിറ്റിൽ കൈറ്റ് സ് ഐ.ടി. ക്ലബ്ബ്

കുത്താട്ടുകുളം ഹയർ സെക്കന്ററി സ്കൂളിൽ ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ വിവിധ പരിപാടികളോടെ നവരാത്രി ആഘോഷിച്ചു. കൊറോണ രോഗവ്യാപന പശ്ചാത്തലത്തിൽ ഓൺലൈനായാണ് ആലോഷപരിപാടികൾ സംഘടിപ്പിച്ചത്. വിദ്യാർത്ഥികളും പൂർവ വിദ്യാർത്ഥികളും പൂർവ്വാദ്ധ്യാപകരും ആഘോഷപരിപാടികളിൽ പങ്കാളികളായി. നൃത്തം, സംഗീതം മുതലായവ വീട്ടിലിരുന്ന് അവതരിപ്പിച്ച് വീഡിയോ ആയി അയച്ചു തന്നു. ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് അംഗങ്ങൾ വീഡിയോ എഡിറ്റുചെയ്ത് സ്കൂൾ യു ട്യൂബ് ചാനലിൽ അപ് ലോഡ് ചെയ്തു. ക്ലാസ് വാട്ട്സ് ആപ് ഗ്രൂപ്പുകളിലും സ്കൂളുമായി ബന്ധപ്പെട്ട വിവിധ സാമൂഹ്യ മാധ്യമ ഗ്രൂപ്പുകളിലും വീഡിയോ ഷെയർ ചെയ്ത് എല്ലാവർക്കും പരിപാടികൾ ആസ്വദിക്കുന്നതിനുള്ള അവസരമൊരുക്കി. ലിറ്റിൽ കൈറ്റ് പാർവ്വതി ബി. നായർ പരിപാടികൾ കോർഡിനേറ്റ് ചെയ്തു.

## കുത്താട്ടുകുളം ഹയർ സെക്കന്ററി സ്കൂളിൽ സ്ഥാപകദിനാചരണം



കുത്താട്ടുകുളം ഹൈസ്കൂളിന്റെ സ്ഥാപകനും ആദ്യ മാനേജരുമായിരുന്ന ബ്രഹ്മശ്രീ അത്തിമണ്ണില്ലത്ത് എ. കെ. കേശവൻ നമ്പൂതിരിയുടെ ചരമവാർഷിക ദിനമായ സെപ്തംബർ 28 സ്ഥാപകദിനമായി ആചരിച്ചു. കോവിഡ് പ്രതിരോധമാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് പി. റ്റി. എ. പ്രസിഡന്റ് പി. ബി. സാജുവിന്റെ അദ്ധ്യക്ഷതയിൽ പ്രാർത്ഥനാഗീതങ്ങളോടെ അനുസ്മരണം നടന്നു. ഹെഡ്മിസ്ട്രസ് എം. ഗീതാദേവി സ്വാഗതവും അദ്ധ്യാപകൻ ശ്യാംലാൽ വി. എസ്. കൃതജ്ഞതയും പറഞ്ഞു. ഡോ. ശിവകേശ് രാജേന്ദ്രൻ, ശൈലജാദേവി കെ. വി., ബിനു പി.എം., എന്നിവർ സ്ഥാപകന് പ്രണാമമർപ്പിച്ച് സംസാരിച്ചു. പി. റ്റി. എ. എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളും സമീപവാസികളായ ഏതാനും വിദ്യാർത്ഥികളും അനുസ്മരണയോഗത്തിൽ പങ്കെടുത്തു.

## ലിറ്റിൽ കൈറ്റ്സ് സെപ്റ്റംബർമാസ ന്യൂസ്ബുള്ളറ്റിൻ

കുത്താട്ടുകുളം ഹയർ സെക്കന്ററി സ്കൂൾ ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ്ബ് അംഗങ്ങൾ സ്കൂളുമായി ബന്ധപ്പെട്ട സെപ്റ്റംബർ മാസത്തെ പ്രധാന വാർത്തകൾ ഉൾപ്പെടുത്തി ന്യൂസ് ബുള്ളറ്റിൻ തയ്യാറാക്കി. ഗാന്ധിജയന്തി ദിനാഘോഷം, ഹിന്ദി ദിനാഘോഷം, സ്വാതന്ത്ര്യദിനപ്പതിപ്പ് പ്രകാശനം, കൗമാരത്തിന് കരുത്തേകാം വെബിനാർ, സ്ഥാപകദിനാഘോഷം, എന്നിവയുടെ വാർത്തകളാണ് ബുള്ളറ്റിനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ലിറ്റിൽ കൈറ്റ് അനാമിക കെ. എസ്. സ്ക്രിപ്റ്റ് തയ്യാറാക്കി. വൈഷ്ണവി എസ്. വാർത്ത വായിച്ചു. പാർവ്വതി ബി. നായർ വീഡിയോ ഷൂട്ടിംഗ് പൂർത്തിയാക്കി. അതുല്യ ഹരിയും ഹരിഗോവിന്ദ് എസ്.ഉം ചേർന്ന് ഓഡാസിറ്റിയും കെഡെൻ ലൈവും ഉപയോഗിച്ച് എഡിറ്റിംഗ് പൂർത്തിയാക്കി. സ്കൂൾ യൂട്യൂബ് ചാനലിൽ ന്യൂസ് ബുള്ളറ്റിൻ അപ്‌ലോഡ് ചെയ്തു. പൂർണ്ണമായും കോവിഡ് പ്രതിരോധമാനദണ്ഡങ്ങൾ പാലിച്ചായിരുന്ന വാർത്താബുള്ളറ്റിൻ തയ്യാറാക്കിയത്.

## ഉയർത്തെഴുന്നേൽക്കണം

*കവിത*



ഒരു വെടിയുണ്ടയിൽ ജീവൻ വെടിഞ്ഞ  
ഗാന്ധി  
സഹനം കൊണ്ട് സമരംചെയ്ത്  
ഇന്ത്യയെ പിടിച്ചടക്കിയ ഗാന്ധി.

അധികാരം കൈവെള്ളയിലമർന്നപ്പോൾ  
ആശ്രമത്തിലേയ്ക്കു പോയ ഗാന്ധി.

സവർണ്ണന്റെ ബൂട്ടുകൊണ്ട് പല്ലുപോയ  
അവർണനാം ഗാന്ധി.

മനുഷ്യർ തെരുവിൽ ക്രയവിക്രയംചെയ്യുന്ന  
നോട്ടിലെ ഗാന്ധി.

മനുഷ്യർ തെരുവിൽ തല്ലിമരിക്കുംനേരം  
ഓടിയെത്തുന്ന ഗാന്ധി

എന്റെ രാഷ്ട്രപിതാവായി എന്റെ  
ആത്മാവിലുറങ്ങുന്ന ഗാന്ധി.

ചിന്തയിൽനിന്ന് ചിരിയിലേയ്ക്ക്  
കടന്നുപോയ ഗാന്ധി.

ഇന്ന് ചിന്തയില്ലാതെ നടക്കുന്ന  
ഗാന്ധിയർക്കു വേണ്ട ഗാന്ധി.

പുതിയ ഇന്ത്യയെ നയിക്കുവാൻ  
ഉയർത്തെഴുന്നേൽക്കണം ഗാന്ധി.

ഒരു വെടിയുണ്ടയിൽ ജീവൻ വെടിഞ്ഞ  
ഗാന്ധി  
സഹനം കൊണ്ട് സമരംചെയ്ത്  
ഇന്ത്യയെ പിടിച്ചടക്കിയ ഗാന്ധി.

*അഭിരാമി സുരേഷ്*  
*എട്ട് ബി*

"ഹിംസയിലൂടെ നേടുന്ന വിജയം വിജയമല്ല. അത് തോൽവിയാണ്. എന്തെന്നാൽ അത് വെറും നൈമിഷികം മാത്രം.." - ഗാന്ധിജി

## വന്യജീവി വാരാഘോഷം പോസ്റ്റർ രചനാമത്സരം നടത്തി ലിറ്റിൽ കൈറ്റ്സ് ഐ. ടി. ക്ലബ്ബ്




കുത്താട്ടുകുളം: ഒക്ടോബർ 2 മുതൽ 8 വരെ നടക്കുന്ന വനം വന്യജീവി വാരാഘോഷത്തിന്റെ ഭാഗമായി കുത്താട്ടുകുളം ഹയർ സെക്കന്ററി സ്കൂൾ ലിറ്റിൽ കൈറ്റ്സ് 2019-22 ബാച്ചിലെ അംഗങ്ങൾക്കായി പോസ്റ്റർ രചനാമത്സരം നടത്തി. കുട്ടികൾ മൊബൈൽഫോണിൽ മുമ്പ് ഇൻസ്റ്റാൾ ചെയ്തിട്ടുള്ള ടക്സ് പെയിന്റ് 0.9.24 മൊബൈൽ വെർഷനിലാണ് പോസ്റ്ററുകൾ തയ്യാറാക്കിയത്. ടക്സ്പെയിന്റ് മൊബൈൽ വെർഷന്റെ ടൂളുകളുടെ പരിമിതിയും കുട്ടികളുടെ പരിശീലനക്കുറവും പോസ്റ്റർ രചനയ്ക്ക് ചെറിയ വെല്ലുവിളികൾ ഉയർത്തി. എങ്കിലും പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടുള്ള ഈ പ്രവർത്തനത്തിൽ എല്ലാ അംഗങ്ങളും പങ്കെടുത്തു.

## ഹൈടെക് സ്കൂൾ പൂർത്തീകരണ പ്രഖ്യാപനം



കുത്താട്ടുകുളം: കുത്താട്ടുകുളം ഹയർ സെക്കന്ററി സ്കൂളിൽ സ്കൂൾ തല ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികളുടെ പൂർത്തീകരണ പ്രഖ്യാപനം കുത്താട്ടുകുളം നഗരസഭാ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. സി. എൻ. പ്രഭകുമാർ നിർവ്വഹിച്ചു. പി.റ്റ ി.എ, പ്രസിഡന്റ് ശ്രീ. പി. ബി. സാജു അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ കൈറ്റ് മാസ്റ്റർ ശ്രീ. ശ്യാംലാൽ വി. എസ്. സ്വാഗതവും ഹെഡ്മിസ്ട്രസ് ശ്രീമതി എം. ഗീതാദേവി കൃതജ്ഞതയും പറഞ്ഞു. ബി. ആർ. സി. പ്രതിനിധി ശ്രീമതി മിനിമോൾ എബ്രഹാം, സ്കൂൾ മാനേജ്മെന്റ് പ്രതിനിധി ശ്രീ. അഭിജിത് എസ്., വിദ്യാർത്ഥി പ്രതിനിധികൾ പാർവ്വതി ബി. നായർ, വൈഷ്ണവി എസ്., എന്നിവരും സ്കൂൾ ജീവനക്കാരും പങ്കെടുത്തു.



**"കഠിനമായ ദാരിദ്ര്യത്താൽ വിശക്കുന്നവന്റെ മുന്നിലേക്ക് ദൈവത്തിന് റൊട്ടിയായിട്ടേ പ്രത്യക്ഷപ്പെടനാവൂ."**

– *ഗാന്ധിജി*

## വന്യജീവി വാരാഘോഷം

കുത്താട്ടുകുളം ഹയർ സെക്കന്ററി സ്കൂൾ ഡോ. സലിം അലി പരിസ്ഥിതി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ 2 മുതൽ 8 വരെ വന്യജീവി വാരാഘോഷം നടന്നു. വാരാഘോഷത്തോടനുബന്ധിച്ച് വിദ്യാർത്ഥികൾക്കായി പോസ്റ്റർ നിർമ്മാണം, പരിസ്ഥിതി കവിതാലാപനം, പരിസ്ഥിതി ഫോട്ടോഗ്രഫി എന്നിവയിൽ മത്സരങ്ങൾ സംഘടിപ്പിച്ചു.

## സ്കൂൾദുരന്ത നിവാരണ ആസൂത്രണരേഖ പ്രകാശനം ചെയ്തു



കുത്താട്ടുകുളം: കുത്താട്ടുകുളം ഹയർ സെക്കന്ററി സ്കൂളിൽ സ്കൂൾ തല ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികളുടെ പൂർത്തീകരണ പ്രഖ്യാപനം കുത്താട്ടുകുളം നഗരസഭാ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. സി. എൻ. പ്രഭകുമാർ നിർവ്വഹിച്ചു. പി.റ്റി.എ, പ്രസിഡന്റ് ശ്രീ. പി. ബി. സാജു അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ കൈറ്റ് മാസ്റ്റർ ശ്രീ. ശ്യാംലാൽ വി. എസ്. സ്വാഗതവും ഹെഡ്മിസ്ട്രസ് ശ്രീമതി എം. ഗീതാദേവി കൃതജ്ഞതയും പറഞ്ഞു. ബി. ആർ. സി. പ്രതിനിധി ശ്രീമതി മിനിമോൾ എബ്രഹാം, സ്കൂൾ മാനേജ്മെന്റ് പ്രതിനിധി ശ്രീ. അഭിജിത് എസ്., വിദ്യാർത്ഥി പ്രതിനിധികൾ പാർവ്വതി ബി. നായർ, വൈഷ്ണവി എസ്., എന്നിവരും സ്കൂൾ ജീവനക്കാരും പങ്കെടുത്തു.




## ഓൺലൈൻ വാർത്തവായന മത്സരം ഡോക്യുമെന്റ് ചെയ്ത് ലിറ്റിൽ കൈറ്റ്സ്

കുത്താട്ടുകുളം ഹയർ സെക്കന്ററി സ്കൂൾ സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ എട്ട്, ഒമ്പത് ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച ഓൺലൈൻ വാർത്ത വായന മത്സരത്തിന് ലിറ്റിൽ കൈറ്റ്സ് ഐ. ടി. ക്ലബ്ബ് അംഗങ്ങൾ വീഡിയോ ഡോക്യുമെന്റേഷൻ തയ്യാറാക്കി. തെരഞ്ഞെടുക്കപ്പെട്ട വാർത്തകൾ ശേഖരിച്ച് കെഡെൻലൈവിൽ എഡിറ്റുചെയ്ത് ടൈറ്റിലുകൾ ചേർത്ത് സ്കൂൾ യൂട്യൂബ് ചാനലിൽ അപ്‌ലോഡ്ചെയ്തു. അതുല്യ ഹരിയും കൃഷ്ണ രാജനുമാണ് വീഡിയോ ഡോക്യുമെന്റേഷൻ തയ്യാറാക്കിയത്.



*ലേഖനം*

# ഗാന്ധിജിയുടെ വിദ്യാഭ്യാസദർശനം ഇരുപത്തൊന്നാം നൂറ്റാണ്ടിൽ.

ഗാന്ധിജി ആവിഷ്കരിച്ച ദേശീയവിദ്യാഭ്യാസ പദ്ധതി അടിസ്ഥാന വിദ്യാഭ്യാസ പദ്ധതി എന്ന പേരിൽ അറിയപ്പെട്ടു. ഇത് വാർധാപദ്ധതി, ബേസിക് എഡ്യൂക്കേഷൻ, നയീതാലിം എന്നിങ്ങനെ പല പേരുകളിൽ അറിയപ്പെടുന്നു. ഇന്ത്യയിലെ വിദ്യാഭ്യാസം ദേശീയതാത്പര്യത്തിന് അനുഗുണമായിട്ടല്ല സംവിധാനം ചെയ്തിട്ടുള്ളത് എന്ന് സ്വാതന്ത്ര്യസമരകാലത്ത് മഹാത്മാഗാന്ധിക്ക് ബോധ്യമായി. പാശ്ചാത്യ സംസ്കാരത്തിന്റെ പശ്ചാത്തലത്തിൽ ബുദ്ധിയുടെ മാത്രം വികാസം ലക്ഷ്യമാക്കി പ്രവർത്തിച്ചുവരുന്ന ആ സമ്പ്രദായത്തിൽ ഭാരതീയത്വം തീരെ അവഗണിക്കപ്പെട്ടിരുന്നു. തൻമൂലം വിദ്യാഭ്യാസം കൊണ്ടു ലഭിക്കേണ്ടതായ മാനസികവും ശാരീരികവും വൈകാരികവും ആത്മീയവുമായ വികാസം ഭാരതജനതയ്ക്ക് വേണ്ടത്ര ലഭിച്ചിരുന്നില്ല. അടിസ്ഥാനവിദ്യാഭ്യാസ പദ്ധതി ആവിഷ്കരിക്കുന്നതിന് ഗാന്ധിജിയെ പ്രേരിപ്പിച്ചത് ഇതാണ്.

പതിനെട്ടും പത്തൊൻപതും ശതകങ്ങളിൽ പാശ്ചാത്യ വിദ്യാഭ്യാസരംഗത്തുണ്ടായ മനഃശാസ്ത്രപരവും സാമൂഹികവും ആയ ഉണർവും പുരോഗതിയും ഗാന്ധിജിയുടെ ആശയങ്ങളെ സ്വാധീനിച്ചിരുന്നു. ഇന്ത്യയിൽ ടാഗോറിന്റെ വിദ്യാഭ്യാസദർശനങ്ങൾ അദ്ദേഹത്തിന് ശ്രദ്ധേയമായി തോന്നി. കൂടാതെ പെസ്റ്റലോത്സി, ഫ്രോബൽ, റൂസ്സോ, മറിയ മോണ്ടിസ്സോറി, ജോൺ ഡ്യൂയി എന്നിങ്ങനെ പാശ്ചാത്യവിദ്യാഭ്യാസമണ്ഡലത്തിലെ ചിന്തകരുടെയും പ്രയോക്താക്കളുടെയും ആദർശങ്ങളുമായി അദ്ദേഹം പരിചയിച്ചിരുന്നു. ഇവയുടെ സാരാംശം ഗ്രഹിച്ച് ഭാരതത്തിന് അനുയോജ്യമായവിധം അദ്ദേഹം ആസൂത്രണം ചെയ്തതാണ് അടിസ്ഥാനവിദ്യാഭ്യാസം. ഗാന്ധിജിയുടെ ഈ പദ്ധതി വിദ്യാഭ്യാസപരമായ ചിന്തയ്ക്ക് ഇന്ത്യ നൽകിയിട്ടുള്ള ആഗോളതലത്തിൽ ശ്രദ്ധേയമായ സംഭാവനയാണ്.

താൻ സംവിധാനം ചെയ്യാൻ ആഗ്രഹിച്ച വിദ്യാഭ്യാസപദ്ധതിയുടെ സ്വരൂപസ്വഭാവങ്ങളിലേക്ക് വെളിച്ചം വീശുന്ന ലേഖനങ്ങൾ ഗാന്ധിജി പലപ്പോഴും ഹരിജൻ വാരികയിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. കുട്ടികളുടെയും മുതിർന്നവരുടെയും ശാരീരികവും മാനസികവും ആത്മീയവുമായ കഴിവുകളെ വികസിപ്പിക്കുകയാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമെന്നും സാക്ഷരത എന്നത് വിദ്യാഭ്യാസത്തിനുള്ള ഒരു ഉപകരണം മാത്രമാണെന്നും ജീവിതത്തിന് ഉപകരിക്കുന്ന ഏതെങ്കിലും ഒരു കൈത്തൊഴിൽ പഠിച്ചുകൊണ്ടാണ് വിദ്യാഭ്യാസം ആരംഭിക്കേണ്ടതെന്നും ആ ലേഖനങ്ങളിൽ അദ്ദേഹം സമർഥിച്ചിരുന്നു. തൊഴിൽ എന്നതുകൊണ്ട് അദ്ദേഹം വിവക്ഷിച്ചത് നെയ്ത്ത്, മരപ്പണി ഇത്യാദി ഗ്രാമീണർക്കു പറ്റിയ തൊഴിലുകളായിരുന്നു. ഗ്രാമപുരോഗതിയെ ത്വരിതപ്പെടുത്തി പുതിയ ഒരു സാമൂഹികക്രമത്തിന് അടിത്തറ പാകാൻ അത്തരം വിദ്യാഭ്യാസപദ്ധതിക്ക് മാത്രമേ കഴിയൂ എന്ന് അദ്ദേഹം ഖണ്ഡിതമായി പറഞ്ഞു.

***-അതുല്യ ഹരി, ഒമ്പത് ബി.***



നിരഞ്ജന ടി. സുരേഷ്



പാർവ്വതി ബി. നായർ





അർച്ചന ബൈജു



ജയജിത്ത് ടി. ജയൻ







അദ്വൈത് ആർ. നായർ



നന്ദന സുനിൽ

## ഹേ! റാം!

പിന്നെയും പിന്നെയും
അറിയുന്നു ഞാനെൻ മഹാത്മാവിനെ.

അടിമച്ചങ്ങലയിൽ പിടഞ്ഞ ഇന്ത്യയെ
സ്വാതന്ത്ര്യം എന്ന ഒറ്റവാക്കാൽ
മാറ്റിയെടുത്ത മഹാത്മാവിനെ.

ദണ്ഡിയിലാഞ്ഞുവീശിയ
കൊടുങ്കാറ്റായി മാറിയ
ജരയാർന്ന കൈകളും ഊന്നുവടിയും
ജ്വലിക്കുന്നൊരോർമ്മയാകുന്നു.

മായുമ്പോൾ പൊഴിഞ്ഞ മണിനാദം
'ഹേ! റാം!' മുഴങ്ങുന്നിതിപ്പൊഴും
പിടയുമെൻ ഹൃദയത്തിൽ.

നിനക്കായി തൂകിയ കണ്ണീർക്കണങ്ങൾ
നിൻപാദങ്ങളിൽ പുഷ്പാർച്ചനയായ് മാറുമ്പോൾ
മഹാത്മാവായ് നീ ജീവിക്കുന്നു ഞങ്ങളിലൂടെ.

സ്വാതന്ത്ര്യം എന്നുരുവിടാൻ മറന്ന
മനസ്സിനെ ഇന്ത്യയോടടുപ്പിച്ച ഗാന്ധിജി

പാരതന്ത്ര്യത്തിൻ കയ്പാർന്ന ഉപ്പിനേക്കാൾ
സ്വാതന്ത്ര്യത്തിൻ ഉപ്പിന് മധുമേറുമെന്ന്
ഓതിയ ഗാന്ധിജി.

ശബ്ദശൂന്യമായിരുന്ന നാവുകൾ
'ക്വിറ്റ് ഇന്ത്യ'യെന്ന് ഗർജ്ജിക്കുമ്പോൾ
ഞാനറിയുന്നു നിന്റെ ജീവിതം തന്നെ
മഹാത്മാവേ, നിന്റെ സന്ദേശം

***-അർച്ചന ബൈജു
ഒമ്പത് ബി***

*ദേവപ്രിയ എം. ആർ., എട്ട് ബി* *ലേഖനം*

# ഗാന്ധിജിയുടെ വിദ്യാഭ്യാസ ദർശനവും മാതൃഭാഷയും

ഈ ലോകത്തിൽ തന്റെ കർത്തവ്യം വിജയകരമായി നിർവഹിക്കാൻ മനുഷ്യനെ പ്രാപ്തനാക്കുന്ന ആയുധമാണ് വിദ്യാഭ്യാസം. തീരുമാനങ്ങൾ എടുക്കാനുള്ള കഴിവും വിവേചനബുദ്ധിയും കൈമുതലായുള്ളത് മനുഷ്യന് മാത്രമാണ്. വിദ്യാഭ്യാസത്തിലൂടെ മാത്രമേ തന്നിൽ വന്നുചേർന്നിരിക്കുന്ന ഉത്തരവാദിത്തം നിർവഹിക്കാൻ മനുഷ്യന് സാധിക്കുകയുള്ളൂ.

വിദ്യാഭ്യാസത്തിന്റെ മഹത്തായ ലക്ഷ്യം കൈവരിക്കുന്നതിന് ദർശനങ്ങൾ വഹിക്കുന്ന പങ്കിനെ ഒരിക്കലും ചെറുതായി കണക്കാക്കാൻ കഴിയില്ല. ആധുനിക വിദ്യാഭ്യാസ സമ്പ്രദായത്തിൽ നടപ്പാക്കിവരുന്ന പരിഷ്കാരങ്ങളും തിരുത്തലുകളും എത്രമാത്രം മനുഷ്യജീവിതത്തെ ബാധിക്കുമെന്നും മനുഷ്യന്റെ ഭാവിജീവിതത്തിൽ എത്രത്തോളം സ്വാധീനിക്കുമെന്നും കണ്ടറിയേണ്ടിയിരിക്കുന്നു.

ഭാരതത്തിലെ വിദ്യാഭ്യാസ മേഖലയെ കെട്ടിപ്പെടുക്കാൻ ആഹോരാത്രം പ്രയത്നിച്ച മഹത് വ്യക്തികളിൽ ഒരാളായിരുന്നു മഹാത്മാഗാന്ധി. സ്വാതന്ത്ര്യം നേടി ഏഴ് പതിറ്റാണ്ടുകൾ കഴിഞ്ഞിട്ടും ഇന്നും അദ്ദേഹത്തിന്റെ വിദ്യാഭ്യാസദർശനങ്ങൾ തെളിമയോടുകൂടി നിലനിൽക്കുന്നു.

1910ൽ പ്രസിദ്ധീകരിച്ച ഗാന്ധിജിയുടെ ആദ്യപുസ്തകമായ 'ഹിന്ദ് സ്വാരാജി'ൽ അന്നത്തെ ആധുനികവിദ്യാഭ്യാസത്തെ ഇങ്ങനെ വിമർശിക്കുന്നു. "ഇംഗ്ലീഷ് വിദ്യാഭ്യാസം സ്വീകരിക്കുക വഴി നാം രാഷ്ട്രത്തെ അടിമപ്പെടുത്തി നമ്മളിൽ കാപട്യവും അധികാരഗർവ്വും വർധിച്ചിരിക്കുന്നു."

ഗാന്ധിയൻ വിദ്യാഭ്യാസ ചിന്തകൾ അടിസ്ഥാന വിദ്യാഭ്യാസം അഥവാ നയിതാലിം, നവീന വിദ്യാഭ്യാസപദ്ധതി എന്നൊക്കെ അറിയപ്പെടുന്നു. ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ പ്രതീകമായാണ് അടിസ്ഥാനവിദ്യാഭ്യാസം അവതരിപ്പിക്കപ്പെട്ടത്. സ്വഭാവരൂപീകരണവും കൈത്തൊഴിൽ പരിശീലനവുമായിരുന്നു വിദ്യാഭ്യാസത്തിന്റെ മൂലലക്ഷ്യമെന്ന് അദ്ദേഹം വിശ്വസിച്ചു. അക്ഷരജ്ഞാനമാണ് വിദ്യാഭ്യാസമെന്ന സാധാരണ നിർവചനത്തെ അദ്ദേഹം എതിർത്തു. ശാന്തവും പ്രകൃതിക്കിണങ്ങിയതും മനസാക്ഷിക്കനുസൃതമായ ജീവിതം നയിക്കാൻ വ്യക്തിയെ പ്രേരിപ്പിക്കുന്നതാവണം വിദ്യാഭ്യാസമെന്ന് അദ്ദേഹം ഓർമിപ്പിക്കുന്നു.

ജനിച്ച വീഴുന്ന ഒരു കുട്ടിയുടെ ആദ്യ ഗുരുക്കന്മാർ മാതാപിതാക്കളും ആദ്യ വിദ്യാലയം സ്വന്തം വീടുമാണ്. കുട്ടികളുടെ സ്വഭാവരൂപീകരണത്തിൽ മാതാപിതാക്കന്മാരും ജീവിതസാഹചര്യങ്ങളും ചെലുത്തുന്ന സ്വാധീനം വളരെവലുതാണ്. നന്മയും തിന്മയും തിരിച്ചറിയാനും വിശക്കുന്നവനെ ഊട്ടാനും ദാഹിച്ചവലയുന്നവർക്ക് ദാഹജലം കൊടുക്കാനും അശരണർക്ക് ആലംബമേകാനും വയോജനങ്ങൾക്ക് കൈത്താങ്ങാകാനും പഠിപ്പിക്കണം. വിദ്യാഭ്യാസം കൊണ്ടെന്താണ് നാം നേടുന്നത്. ഒരു മനുഷ്യന്റെ പരിപൂർണമായ വളർച്ചയാണ് അവനാർജിക്കുന്ന വിദ്യാഭ്യാസംകൊണ്ട് നേടേണ്ടത്. മനുഷ്യമനസിലെയും ശരീരത്തിലെയും ആത്മാവിലെയും നന്മയെ രൂപീകരിക്കാൻ വിദ്യാഭ്യാസത്തിന് കഴിയണം.

ഇന്ന് ബിരുദവും ബിരുദാനന്തരബിരുദവും ഡോക്ടറേറ്റും നേടി പുറത്തിറങ്ങുന്ന കോടിക്കണക്കിന് വിദ്യാർത്ഥികൾ തൊഴിൽരഹിതരായി ജീവിക്കുന്നു. പ്രായോഗിക ജീവിതത്തിലെ വെല്ലുവിളികൾ നേരിടാനും ഒരു തൊഴിൽ സമ്പാദിക്കാനും പലർക്കും അവർ പ്രയത്നിച്ച നേടിയ യോഗ്യതകൾ കൊണ്ടുസാധിക്കുന്നില്ല. വൈറ്റ് കോളർ ജോലികൾ മാത്രം സ്വപ്നംകാണുന്നവർ, അത് കിട്ടാതെ നിരാശരാകുന്നു. വിദ്യാലയങ്ങളിൽ പകർന്നുതരുന്ന അറിവുകൾകൊണ്ട് മാത്രം ഒരു ജോലി സമ്പാദിക്കാൻ കെൽപ്പുള്ള ഒരു യുവജനത ഇനിയും വളർന്നുവരേണ്ടിയിരിക്കുന്നു. തൊഴിൽ ഉള്ളവരേക്കാൾ കൂടുതൽ തൊഴിൽ രഹിതരുള്ള നാടായി മാറുകയാണ് നമ്മുടെ രാജ്യം. ഈ സന്ദർഭത്തിലാണ് ഗാന്ധിജിയുടെ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ പ്രസക്തിയേറുന്നത്. ഒരു വ്യക്തി അറിവ് സ്വന്തമാക്കുന്നതിനൊപ്പം തന്നെ ഒരു തൊഴിലിലും വൈദഗ്ധ്യം നേടണമെന്ന അദ്ദേഹത്തിന്റെ ആശയം വളരെയധികം കാലിക പ്രസക്തിയുള്ളതാണ്. അതുപോലെ മാതൃഭാഷയോട് നാം കാട്ടുന്ന അവഗണന, ഗാന്ധിജി എന്ന വ്യക്തിയുടെ ചിന്തകൾക്കും ആശയങ്ങൾക്കും വിപരീതമാണ്. ഭരണവും കോടതിയും വിദ്യാഭ്യാസവുമൊക്കെ മാതൃഭാഷാ മാധ്യമത്തിലാകണമെന്ന ഗാന്ധിയൻ ആദർശത്തിന്റെ അടിത്തറ സാധാരണ ജനങ്ങളുടെ ജീവിക്കാനും അറിയാനുമുള്ള അവകാശമെന്ന ജനാധിപത്യത്തിന്റെ അടിസ്ഥാന ആശയത്തെ സ്പർശിക്കുന്നതാണ്. ഇന്ന് നമ്മൾ കുട്ടികളെ ഇംഗ്ലീഷ്മീഡിയം സ്കൂളിൽ അയക്കാനും ഇംഗ്ലീഷ്ഭാഷ സംസാരിക്കാൻ പ്രാപ്തരാക്കാനും കഷ്ടപ്പെടുമ്പോൾ മാതൃഭാഷ അവർക്ക് അന്യമാകുന്നു. 'ഭരണഭാഷ മാതൃഭാഷ' എന്ന ആശയമൊക്കെ ഉടലെടുക്കുന്നുണ്ടെങ്കിലും ആശയ പൂർത്തീകരണം എത്രമാത്രം സാധ്യമാണെന്ന് കണ്ടറിയേണ്ടിയിരിക്കുന്നു.

"മറ്റുള്ളഭാഷകൾ കേവലം ധാത്രിമാർ
മർത്ത്യന് പെറ്റമ്മ തൻഭാഷതാൻ"

കവിയുടെ ഈ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് നമുക്ക് പറയാം, മാതൃഭാഷയും സ്വയംപര്യാപ്തതയും അടിസ്ഥാനമാക്കിയുള്ള വിദ്യാഭ്യാസസംമ്പ്രദായം ആവിഷ്കരിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. അപ്പോൾ തൊഴിലില്ലായ്മയും ദാരിദ്ര്യവും നമ്മുടെ രാജ്യത്തെ തൊട്ടു തീണ്ടുകയില്ല.

## ഗാന്ധിജിയെക്കുറിച്ച്......



ഗാന്ധിയിൽ നിന്ന് ഒളിച്ചോടിക്കൊണ്ട് മനുഷ്യരാശിക്ക് പുരോഗമനം സാദ്ധ്യമല്ല. മനുഷ്യരാശി സമാധാനവും സഹവർത്തിത്വവും നിലനിൽക്കുന്ന ഒരു ലോകത്തിലേയ്ക്ക് പരിണാമത്തിലൂടെ ചെന്നെത്തുന്നത് മനസ്സിൽ കണ്ട് അതിൽ നിന്ന് ഊർജ്ജമുൾക്കൊണ്ടുകൊണ്ടാണ് അദ്ദേഹം ജീവിക്കുകയും, ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്തത്. അദ്ദേഹത്തെ അവഗണിക്കുന്നത് നമ്മെത്തന്നെയാവും ബാധിക്കുക.

*- മാർട്ടിൻ ലൂഥർ കിംഗ് ജൂനിയർ*



നമ്മുടെ ജീവിതത്തിൽ നിന്ന് പ്രകാശം മാഞ്ഞുപോയിരിക്കുന്നു. എവിടെയും ഇരുട്ടാണ്... പ്രകാശം പൊലിഞ്ഞെന്നാണോ ഞാൻ പറഞ്ഞത്? എനിക്കു തെറ്റുപറ്റി. പ്രകാശിച്ചിരുന്നത് ഒരു സാധാരണ ദീപമായിരുന്നില്ല... ഒരായിരം വർഷങ്ങൾക്കു ശേഷവും അതിവിടെ പ്രകാശം ചൊരിയും. നൂറ്റാണ്ടുകളിലൂടെ ആയിരമായിരം ഹൃദയങ്ങൾക്ക് അത് ആശ്വാസം പകർന്നുകൊണ്ടിരിക്കും

*- ജവഹർലാൽ നെഹ്റു*

## വഴിവിളക്ക്

*-അപർണ സന്തോഷ്*

സത്യത്തിൻ നായകനായ്
പോർബന്തറിൽ ഉദിച്ചുയർന്നു
സത്യൻ ഭക്തനായി വളർന്നവൻ
നല്ലൊരു നാളേയ്ക്കുകാവലാളായി.

നല്ലതുമാത്രം ചെയ്യുവാനും
നല്ലവരായി നടക്കുവാനും
നമ്മോടോതുകയാണെന്നും
നമ്മുടെ സ്വന്തംഗാന്ധിജി.

മനുഷ്യസേവനം മുൻനിർത്തി
വിജയംനേടിയ നേതാവ്
ലാളിത്യത്തിൻ പര്യായം
നമ്മുടെ സ്വന്തം ബാപ്പുജി.

തൊഴുകൈയോടെ നമിക്കാനും
ബഹുമാനാർത്ഥം നിൽക്കാനും
ഭാരതമണ്ണിൻ മക്കളോടോതിയ
പുണ്യപാവന ജന്മമിതാ

അഹിംസയെന്നൊരു മാർഗ്ഗത്തിൽ
സമരംചെയ്തൊരു യോദ്ധാവ്
സത്യാഗ്രഹത്തിൻ മഹത്വമോതിയ
ത്യാഗത്തിൻ പ്രതിരൂപം.

ജീവിതനൗക തുഴയുമ്പോഴും
അരികിൽ കണ്ടവരെയെല്ലാം
ഒറ്റമനസ്സോടെന്നെന്നും
ചേർത്തുനിർത്തിയ ഗാന്ധിജി.

സത്യധർമ്മങ്ങളും നീതിന്യായങ്ങളും
ഇഷ്ടവരങ്ങളായ് കാത്ത ദൈവം
ത്യാഗവും ധൈര്യവും സ്നേഹലാളിത്യവും
ജീവവ്രതമായ് കാത്തൊരീശൻ.

ദുഷ്ടശക്തികൾ ഭീഷണിയായി
ദേശസ്നേഹികൾ ധീരതകാട്ടി
കാലംകരുതിയ കുരുതിക്കളത്തിൽ
ജീവൻപൊലിഞ്ഞമഹാഗുരു.

ത്യാഗോജ്വലമാംമാതൃകയായി
സത്യജന്മങ്ങൾ ജീവനിൽചേർത്തെന്നും
വാഴുന്നു നാടിന്റെ കാവലാളായ്
എന്നെന്നും ഞങ്ങൾക്ക് വഴിവിളക്കായ്.



നിരഞ്ജന ആർ. നായർ

## ഗാന്ധിജിയും അടിസ്ഥാന വിദ്യാഭ്യാസവും

*ലേഖനം -അപർണ സാബു, പത്ത് ബി*

നാം ഇപ്പോൾ ജീവിക്കുന്ന ഇരുപത്തൊന്നാം നൂറ്റാണ്ടിൽ ഗാന്ധിജിയുടെ വിദ്യാഭ്യാസദർശനത്തിന് പ്രസക്തി ഏറെയാണ്. ഒരു വ്യക്തിയുടെ ശാരീരികവും മാനസികവും ആത്മീയവുമായ എല്ലാ കഴിവുകളും സമഞ്ജസമായി വികസിപ്പിക്കുന്നതാണ് വിദ്യാഭ്യാസമെന്ന് വിശ്വസിച്ചിരുന്ന ഗാന്ധിജിയുടെ വിദ്യാഭ്യാസവീക്ഷണങ്ങൾക്ക് ഏറെ പ്രസക്തിയുള്ള സമൂഹത്തിലാണ് നാം ഇപ്പോൾ ജീവിക്കുന്നത്.

ഗാന്ധിജി ആവിഷ്കരിച്ച ദേശീയവിദ്യാഭ്യാസപദ്ധതി വാർധാപദ്ധതി, ബേസിക് എഡ്യൂക്കേഷൻ, നയീതാലീം എന്നിങ്ങനെ പലപേരുകളിൽ അറിയപ്പെടുന്നു. ഇന്ത്യയിലെ വിദ്യാഭ്യാസം ദേശീയതാത് പര്യത്തിന് അനുഗുണമായിട്ടല്ല സംവിധാനം ചെയ്തിട്ടുള്ളതെന്ന് സ്വാതന്ത്ര്യസമരകാലത്ത് മഹാത്മാഗാന്ധിക്ക് ബോധ്യമായി. പാശ്ചാത്യസംസ്കാരത്തിന്റെ പശ്ചാത്തലത്തിൽ ബുദ്ധിയുടെ മാത്രം വികാസം ലക്ഷ്യമായി പ്രവർത്തിച്ചിരുന്ന ആ സമ്പ്രദായത്തിൽ ഭാരതീയത്വം തീരെ അവഗണിക്കപ്പെട്ടിരുന്നു. തന്മൂലം വിദ്യാഭ്യാസംകൊണ്ട് ലഭിക്കേണ്ടതായ മാനസികവും ശാരീരികവും വൈകാരികവും ആത്മീയവുമായ വികാസം ഭാരതജനതയ്ക്ക് വേണ്ടത്ര ലഭിച്ചിരുന്നില്ല എന്നതാണ് അടിസ്ഥാനവിദ്യാഭ്യാസ പദ്ധതി ആവിഷ്കരിക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ച കാരണം.

പാശ്ചാത്യവിദ്യാഭ്യാസരംഗത്തുണ്ടായ മനശാസ്ത്രപരവും സാമൂഹികവുമായ ഉണർവും പുരോഗതിയും ഗാന്ധിജിയുടെ ആശയങ്ങളെ സ്വാധീനിച്ചിരുന്നു. ഇന്ത്യയിൽ ടാഗോറിന്റെ വിദ്യാഭ്യാസദർശനങ്ങൾ അദ്ദേഹത്തിന് ശ്രദ്ധേയമായിത്തോന്നി. ഗാന്ധിജിയുടെ ഈ പദ്ധതി വിദ്യാഭ്യാസപരമായിചിന്തയ്ക്ക് ഇന്ത്യ നല്കിയിട്ടുള്ള ആഗോള തലത്തിൽ ശ്രദ്ധേയമായ സംഭാവനയാണ്. താൻ സംവിധാനം ചെയ്യാൻ ആഗ്രഹിച്ച വിദ്യാഭ്യാസപദ്ധതിയുടെ സ്വരൂപസ്വഭാവങ്ങളിലേത്ത് വെളിച്ചം വീശുന്ന ലേഖനങ്ങൾ ഗാന്ധിജി പലപ്പോഴും ഹരിജൻ വാരികയിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. കുട്ടികളുടെയും മുതിർന്നവരുടെയും ശാരീരികവും മാനസികവും ആത്മീയവുമായ കഴിവുകളെ വികസിപ്പിക്കുകയാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമെന്നും ഗാന്ധിജി പറഞ്ഞു. തൊഴിൽ എന്നതുകൊണ്ട് അദ്ദേഹം ഉദ്ദേശിച്ചത് നൂൽ നൂല്പ്, നെയ്ത്ത്, എന്നിങ്ങനെ ഗ്രാമീണർക്ക് പറ്റിയ തൊഴിലുകളായിരുന്നു. ഗ്രാമപുരോഗതിയെ ത്വരിതപ്പെടുത്തി പുതിയ സാമൂഹിക ക്രമത്തിന് അടിത്തറ പാകാൻ അത്തരം വിദ്യാഭ്യാസപദ്ധതിക്കുമാത്രമേ കഴിയൂ എന്ന് അദ്ദേഹം ഖണ്ഡിതമായി പറഞ്ഞു.

ശാരീരികമായ പ്രവർത്തനത്തിലൂടെയാണ് ഗാന്ധിജി ആത്മീയവും മാനസികവുമായ വികാസം ആസൂത്രണം ചെയ്തത്. ഗാന്ധിജിയുടെ വിദ്യാഭ്യാസവീക്ഷണത്തിലുള്ള പാഠ്യപദ്ധതി പ്രവർത്തനകേന്ദ്രിതമാണ്. സമാകാലീന പാഠ്യപദ്ധതിയിൽ അദ്ദേഹം തൃപ്തനായിരുന്നില്ല. പ്രവർത്തനത്തിലും വിഷയങ്ങളുടെ പരസ്പരബന്ധത്തിലും മാതൃഭാഷയിലും ഊന്നിയതായിരുന്നു ഗാന്ധിജി നിർദേശിച്ച അധ്യാപനാധ്യയന രീതികൾ. വിദ്യാലയത്തിലെ പഠനം പ്രാദേശികാടിസ്ഥാനത്തിൽ വളരെ പ്രചാരമുള്ള ഒരു കൈത്തൊഴിലിനെ അടിസ്ഥാനമാക്കി ആസൂത്രണം ചെയ്യണമെന്നായിരുന്നു ഗാന്ധിജിയുടെ നിർദേശം. പുസ്തകങ്ങളെ ആധാരമാക്കിയുള്ള പഠനരീതിയിൽ നിന്നും വളരെ വ്യത്യസ്തമായ ഒരു പഠനരീതിയാണ് ഗാന്ധിജി നിർദേശിച്ചത്.

കുട്ടിയുടെ ശരീരവും മനസ്സും ബുദ്ധിയും സദാ ജാഗരൂകവും പ്രവർത്തനനിരതവുമായിരിക്കുന്ന ഒരു അദ്ധ്യയനശൈലിയാണ് ഗാന്ധിജി വിഭാവനം ചെയ്തിരിക്കുന്നത്. ഗാന്ധിജിയുടെ വിദ്യാഭ്യാസദർശനങ്ങളാണ് അടിസ്ഥാന വിദ്യാഭ്യാസത്തിലൂടെ പ്രാവർത്തികമായത്. ഗാന്ധിജിയുടെ വിദ്യാഭ്യാസദർശനത്തിൽ പ്രകൃതിവാദവും ആദർശവാദവും പ്രയോഗവാദവും ഇണങ്ങിച്ചേരുന്നു എന്നത് അതിന്റെ ഒരു പ്രത്യേകതയാണ്.

കാലത്തിന്റെയും ദേശത്തിന്റെയും മാറിവരുന്ന അഭിരുചികൾക്കും അവബോധങ്ങൾക്കുമനുസരിച്ച് നിരന്തരം നവീകരിക്കപ്പെട്ടുകൊണ്ടാണ് വിദ്യാഭ്യാസം വളരുന്നത്. കഴിഞ്ഞ ദശകങ്ങളിൽ കേരളം ഒട്ടേറെ വിദ്യാഭ്യാസ പരിഷ്കാരങ്ങൾക്ക് സാക്ഷ്യം വഹിക്കുകയുണ്ടായി. നമ്മുടെ ഈ ഇരുപത്തൊന്നാം നൂറ്റാണ്ടിൽ പോലും ഗാന്ധിജിയുടെ വിദ്യാഭ്യാസദർശനങ്ങൾ പൂർണ്ണമായും പ്രാവർത്തികമാക്കിയിട്ടില്ല എന്നതാണ് സത്യം. ഗാന്ധിജിയുടെ ദർശനങ്ങൾ നാം പലപ്പോഴും വിസ്മരിക്കുകയാണ്. പാഠ്യരീതികളെക്കുറിച്ചും വിദ്യാഭ്യാസത്തെക്കുറിച്ചും വ്യക്തമായ അവബോധമുള്ളയാളായിരുന്നു ഗാന്ധിജി. അദ്ദേഹത്തിന്റെ വിദ്യാഭ്യാസവീക്ഷണങ്ങൾ നാം ഇനിയും കുറച്ചുകൂടി മനസ്സിലാക്കി അത് പ്രാവർത്തികമാക്കാൻ ശ്രമിക്കേണ്ടതായുണ്ട്. പഠനത്തോടൊപ്പം മറ്റു പാഠ്യേതരപദ്ധതികളിലും പങ്കാളിത്തം ഉണ്ടാകേണ്ടതിനെക്കുറിച്ചുള്ള ഗാന്ധിജിയുടെ കാഴ്ചപ്പാട് വളരെ ശരിയാണ്. കൈത്തൊഴിലുകളൊക്കെ ചെയ്യാൻ മടികാണിക്കുന്നവർ ഗാന്ധിജിയുടെ ദർശനങ്ങൾ ഓർക്കേണ്ടതായുണ്ട്. ഇത്തരം വിഷയങ്ങളിൽ രാഷ്ട്രപിതാവായ ഗാന്ധിജിയുടെ ഉപദേശം കേൾക്കാതിരിക്കുന്നവർ ഇതിന്റെ പരിണിതഫലം അനുഭവിക്കും. ഗാന്ധിജി നിർദേശിച്ച അധ്യാപനാധ്യായന രീതികൾ മാതൃഭാഷയിലൂന്നിയതായിരുന്നു. എന്നാൽ ഇക്കാലത്ത് ആളുകൾ മാതൃഭാഷയിൽ സംസാരിക്കാൻ മടികാണിക്കുന്നവരാണ്. ഈ കാര്യങ്ങളിൽ ഗാന്ധിജിയുടെ പാതപിന്തുടരണം. നാം ജീവിക്കുന്നതെവിടെയായാലും മാതൃഭാഷയോടുള്ള സ്നേഹം മറക്കാൻ പാടില്ല. പുസ്തകങ്ങളെ ആധാരമാക്കിയുള്ള പഠനത്തിനപ്പുറം വ്യത്യസ്തമായ ഗാന്ധിജി നിർദ്ദേശിച്ച പഠനരീതി നാം മുന്നോട്ടുകൊണ്ടുപോകേണ്ടതായുണ്ട്.

**പ്രാർഥനാനിരതനായ ഒരു മനുഷ്യൻ തന്നോട് തന്നെയും ലോകത്തോടും സമാധാനം പുലർത്തും. – ഗാന്ധിജി**